# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെന്മല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P1/409/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 23/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെന്മല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെന്മല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്മല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/409/2022 തീയ്യതി: 23/07/2022

## കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2020 മുതൽ 15-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 17-01-2022 | 29-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-01-2022 | 29-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്കുമാർ.ജി(ഓഡിറ്റ് ഓഫീസർ(ഹഗ്ര)
ശ്രീമതി.പ്രീത.എസ്.എസ്.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.അരുൺജിത്ത് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.അനിൽകുമാർ.എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.ശ്രീകുമാർ.എസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലൈജ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീ. കെ.ശശിധരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ഈശ്വരദാസ് ഇ. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അർച്ചന | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.രശ്മി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ. അജീഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ. അനീഷ് എം. | വെറ്ററിനറി സർജ്ജൻ | 01-04-2020 | 23-06-2020 |
| ഡോ. മണിമോഹൻ | വെറ്ററിനറി സർജ്ജൻ | 24-06-2020 | 31-03-2021 |
| ശ്രീ. ശശികുമാർ | അസി.സെക്രട്ടറി | 01-04-2020 | 18-06-2020 |
| ശ്രീ. സിദ്ദിഖ് കുട്ടി | അസി.സെക്രട്ടറി | 22-06-2020 | 29-07-2020 |
| ശ്രീമതി എസ്. കല | അസി.സെക്രട്ടറി | 03-07-2020 | 31-03-2021 |
| ശ്രീ. അഭിലാഷ് എസ്.എച്ച്. | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി അംജദ ഹബീബ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. നിധീഷ് ദേവ് | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 18-12-2020 |
| ശ്രീമതി അശ്വതി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19-12-2020 | 31-03-2021 |
| ശ്രീമതി ശ്രീലത | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreekumar.S (Auditor, On 29-01-2022)<br>Last Updated By: Rajasree.C.R (Auditor, On 21-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sreekumar.S (Auditor, On 28-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-2 |
| 3 | വാർഷികകണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sreekumar.S (Auditor, On 28-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sreekumar.S (Auditor, On 29-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-5 |
| 7 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-6 |
| 8 | ക്ഷേമ പെൻഷൻ<br>Written By: Sreekumar.S (Auditor, On 29-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-7 |
| 9 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ കൈപ്പറ്റുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 07-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Sreekumar.S (Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Sreekumar.S (Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sreekumar.S (Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-10 |
| 13 | ഒരു രസീത് ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി പിരിവിന് ഉപയോഗിച്ചു.<br>Written By: Sreekumar.S (Auditor, On 04-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-11 |
| 14 | വിതരണരേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. 18450/-രൂപ നിരാകരിക്കുന്നു.<br>Written By: Ranjith Kumar G (Audit Officer (HG), On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-12 |
| 15 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - തടസ്സം - 10,00,000/-രൂപ<br>Written By: S.S.Preetha (Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-13 |
| 16 | സി.പി.ആർ.സി.എസ് നിന്നും കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ | 1-14 |

| | | |
|---|---|---|
| | വാങ്ങി - 4263/-രൂപ തിരികെ ഈടാക്കിയിട്ടില്ല.<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | |
| 17 | നിക്ഷേപപ്രവൃത്തിക്കായി തുക വിനിയോഗിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. 799000/-രൂപ തടസ്സം.<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-15 |
| 18 | നിക്ഷേപ പ്രവൃത്തികൾക്കായി തുക വിനിയോഗിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. 48,90,019/-രൂപ തടസ്സം.<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-16 |
| 19 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - ഫൈനൽ ബിൽ, വിതരണ രേഖകൾ ഹാജരാക്കിയില്ല.<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-17 |
| 20 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല.<br>Written By: Sreekumar.S (Auditor, On 04-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-18 |
| 21 | വീട് പുനരുദ്ധാരണം - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-19 |
| 22 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല.<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വിതരണരേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. 18450/-രൂപ നിരാകരിക്കുന്നു.<br>Written By: Rajasree.C.R (Auditor, On 21-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 3-1 |
| 2 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - ഫൈനൽ ബിൽ, വിതരണ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Rajasree.C.R (Auditor, On 21-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sreekumar.S (Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreekumar.S (Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreekumar.S (Auditor, On 04-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreekumar.S (Auditor, On 30-01-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sreekumar.S (Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sreekumar.S (Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sreekumar.S (Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sreekumar.S (Auditor, On 29-01-2022)<br>Last Updated By: Sreekumar.S (Auditor, On 29-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreekumar.S (Auditor, On 04-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sreekumar.S (Auditor, On 04-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 ലെ ബജറ്റ് 24/03/2020 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 27-10-2021 | - | - |

### 1-2-1 വാർഷികകണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) കോ ഓപ്പറേറ്റീവ് ബാങ്കിൽ ₹4000 സ്ഥിരനിക്ഷേപം ഉണ്ടെന്ന് ബാലൻസ്ഷീറ്റിലെ B12 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രസീത് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2) വസ്തുനികുതി ഡിമാന്റ്-കളക്ഷൻ ബാലൻസ് രേഖപ്പെടുത്തിയ സഞ്ചയ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, കുടിശിക തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3) തൊഴിൽനികുതി, വാടക, ലേലം, ലൈസൻസ് ഫീസ് തുടങ്ങിയ വിവിധ വരവ് ഇനങ്ങളുടെ രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4) ബാലൻസ്ഷീറ്റ് പ്രകാരം വിവിധ നികുതി-നികുതിയേതര വരവുകൾ മുൻകൂറായി ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5) വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6) I-18 ഷെഡ്യൂളിലെ പ്രയർ പീരിയഡ് ഐറ്റംസിന്റെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7) B-18ഷെഡ്യൂളിലെ 'Other Advances' എന്ന ഹെഡിൽ 20000 രൂപ അഡ്വാൻസായി അനുവദിച്ചതായി പറഞ്ഞിട്ടുണ്ട് (കേരളോത്സവം 2019 നായി അനുവദിച്ച തുക- വൗച്ചർ നം.21900713/06.11.19). പ്രസ്തുത തുക തൻവർഷം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും (വൗച്ചർ നം.21901044,ചെക്ക് നം.017709/31.12.19 പ്രകാരം ) ബാലൻസ് ഷീറ്റിൽ ക്രമീകരിച്ചിട്ടില്ല.

8) കെ.യു.ആർ.ഡി.എഫ്.സി. ലോൺ വരവ്, തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കെ.യു.ആർ.ഡി.എഫ്.സി. സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം ലോൺ ഇനത്തിൽ വരവ് ഇല്ല . ലൈഫ് ഭവന പദ്ധതിയ്ക്കായി സംസ്ഥാന/ഡിപ്പാർട്ട്മെന്റ് വിഹിതമായി 31,50,000 അനുവദിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികപ്രകാരം സംസ്ഥാനവിഹിതം വരവ് ലോൺ വരവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

കെ.യു.ആർ.ഡി.എഫ്.സി. സ്റ്റേറ്റ്മെന്റ്, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുടേയും വാർഷികധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളിലേയും വ്യതിയാനം താഴെ ചേർക്കുന്നു.

| | 31.03.20 ലെ ലോൺ | തൻവർഷ ലോൺ | ആകെ ₹ | തിരികെ ഒടുക്കിയ | 31.03.21 ലെ ലോൺ |
|---|---|---|---|---|---|

| | ബാധ്യത ₹ | വരവ് ₹ | | തുക ₹ | ബാധ്യത ₹ |
|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി., സുലേഖ സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ളവ | 3,93,19,412 | 0 | 3,93,19,412 | 30,87,412 | 3,62,32,000 |
| വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളവ | 3,87,28,112 | 31,50,000 | 4,18,78,112 | 30,87,412 | 3,87,90,700 |

9) ബാലൻസ്ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി.യ് ക്ക് 25,10,400 രൂപ നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയിട്ടുണ്ട്. ഈ തുകയുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് നിക്ഷേപപ്രവൃത്തികളുടെ വിശദാംശങ്ങൾ (പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം., വൗച്ചർ നം, തീയതി എന്നിവ) അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

10. സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി ആയത് വാർഷികധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ആസ്തിഭാഗത്ത് ഉൾപ്പെടുത്തിയിട്ടില്ല.

12) വിവിധ ഋണശീർഷവരവുകളുടേയും ചെലവുകളുടേയും വിവരങ്ങൾ രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

13) വികസനഫണ്ട് (എസ്.സി.പി.) ഇനത്തിൽ സർക്കാർ നം. 3099/2021/ധന /29.03.21 പ്രകാരം അധിക വിഹിതമായി അനുവദിച്ച 32,763/- രൂപ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

14) മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ് ഫണ്ടിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ 76,565/- രൂപ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13873795/- |
| വരവ് | 121464167/- |
| ആകെ | 135337962/- |
| ചെലവ് | 124774386/- |
| നീക്കിയിരിപ്പ് | 10563576/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 168450/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10148902/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,76,73,875 | 2,76,73,875 | 2,76,73,875 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 94,45,638 | 94,45,638 | 87,37,768 | 7,07,870 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 12,47,000 | 12,47,000 | 12,47,000 | 0 |
| ധനകാ ര്യ കമ്മീഷൻഗ്രാന്റ് (ബേസിക്) | 0 | 2,06,44,641 | 2,06,44,641 | 1,48,76,650 | 57,67,991 |
| ധന കാര്യ കമ്മീഷൻഗ്രാന്റ് (ടൈഡ്) | 0 | 1,07,80,000 | 1,07,80,000 | 34,21,303 | 73,58,697 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 1,00,43,000 | 1,00,43,000 | 1,00,43,000 | 0 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 75,70,000 | 75,70,000 | 75,62,495 | 7,505 |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | 0 | 31,50,000 | 31,50,000 | 22,62,000 | 8,88,000 |
| ആശ്രയ | 0 | 1,28,766 | 1,28,766 | 1,28,766 | 0 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ഐസിഡിഎസ് | 32,78,829 | 9,36,152 | 42,14,981 | 8,72,767 | 33,42,214 |
| സമ്പൂർണ്ണ ശുചിത്വം (ടിഎസ് സി) | 25,97,019 | 24,65,044 | 50,62,063 | 5,07,572 | 45,54,491 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 3,845 | 12,90,078 | 12,93,923 | 12,81,962 | 11,961 |
| മറ്റ് ഗ്രാന്റുകൾ | 0 | 43,500 | 43,500 | 43,500 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 272 | 367450048/- | 64 | 104630674/- | 138 | 70 | 24% |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,845 | 12,90,078 | 12,93,923 | 12,81,962 | 11,961 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9,09,57,265 | 9,09,57,265 | 9,09,57,265 | 0 |
| ആകെ | 3,845 | 9,22,47,343 | 9,22,51,188 | 9,22,39,227 | 11,961 |

## 1-7 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 14240/- | 18 |
| കർഷകതൊഴിലാളി പെൻഷൻ | 78,02,100/- | 524 |
| വിധവാപെൻഷൻ | 2,29,10,800/- | 1462 |
| വാർദ്ധക്യകാലപെൻഷൻ | 2,41,59,600/- | 1682 |
| വികലാംഗപെൻഷൻ | 5,26,700/- | 318 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3,70,200/- | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,70,000/- | 9 |

1-7-1 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ കൈപ്പറ്റുന്നു.

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ താഴെപറയുന്ന ഗുണഭോക്താക്കൾ ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്നവരാണെന്ന് ധനകാര്യവകുപ്പ് കണ്ടെത്തിയതിനെ തുടർന്ന് ടി ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും ഈ വ്യക്തികൾക്ക് കത്ത് നൽകിയിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം ശ്രീ/ശ്രീമതി | പെൻഷണർ ഐ.ഡി | ട്രഷറിയുടെ പേര് പി പി ഒ നം. | അനർഹമായി കൈപ്പറ്റിയ തുക₹ | തുക തിരികെ ഒടുക്കി രസീത് നം. തീയതി |
|---|---|---|---|---|---|
| 1 | അന്നമ്മ ജോണി, ലൂർദ്ദ് വിലാസം, പത്തേക്കർ | 103350100683 | ലഭ്യമാക്കിയിട്ടില്ല | 62,300/- | തുക തിരികെ ഒടുക്കിയിട്ടില്ല |
| 2 | വിജയകുമാരി എം, കെഐപി ലേബർ കോളനി, തെന്മല ഡാം | 103350601338 | ലഭ്യമാക്കിയിട്ടില്ല | 55,200/- | തുക തിരികെ ഒടുക്കിയിട്ടില്ല |
| 3 | ദേവകി കെ, സൂര്യമംഗലത്ത് വീട്, തോണിച്ചാൽ, ഇടമൺ | 103350601389 | ലഭ്യമാക്കിയിട്ടില്ല | 65,700/- | തുക തിരികെ ഒടുക്കിയിട്ടില്ല |
| 4 | ശങ്കരമ്മ, മണികണ്ഠ വിലാസം, പത്തേക്കർ | 103350100516 | ലഭ്യമാക്കിയിട്ടില്ല | 52,400/- | SBIN12132736 |
| 5 | ഏലിയാമ്മ, ചരുവിള പുത്തൻ വീട്, കെഐപി ലേബർ കോളനി, തെന്മല | 103350600882 | ലഭ്യമാക്കിയിട്ടില്ല | 56,400/- | SBIN22131578 |

| | ഡാം | | | | |
|---|---|---|---|---|---|

ഫയൽ പരിശോധിച്ചതിൽ മേൽ പറഞ്ഞിരിക്കുന്ന വ്യകതികൾക്ക് തുക തിരികെ ഒടുക്കാൻ ആവശ്യപ്പെട്ട് 01.11.21 ൽ കത്ത് നൽകി. തുടർന്ന് രണ്ട് പേർ (ക്രമനം.4, 5) തുക തിരികെ ഒടുക്കിയിട്ടുണ്ട്. മറ്റു ഗുണഭോക്താക്കൾ തുക ഒടുക്കുകയോ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിച്ച് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ടി വ്യക്തികൾ കൈപ്പറ്റിയ തുക തിരികെ ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.26/21.01.22

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-01-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,496/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ടെങ്കിലും, ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജന രേഖ പ്രകാരം പൂർണ്ണമായും ജീവനക്കാർ പരിപാലിച്ചു കാണുന്നില്ല. അക്കൌണ്ടന്റ് ഉൾപ്പെടെയുള്ള ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നതിൽ കൃത്യത പാലിക്കുന്നില്ല. ജീവനക്കാരുടെ അഭാവംമൂലം ഓഡിറ്റിന് ആവശ്യമായ രേഖകൾ വേണ്ടസമയത്ത് ലഭ്യമാക്കിയില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/01/2022 | 4/2021 മുതൽ 9/2021 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/07/2016 | 2011-12 മുതൽ 2015-16 വരെ | 07/10/2016 |

## 1-11 ഒരു രസീത് ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി പിരിവിന് ഉപയോഗിച്ചു.

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പിരിവ് പോസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ താഴെ പറയുന്ന രസീതുബുക്കിലെ ഒരേ നമ്പർ രസീത് ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റ് ചെയ്തതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിടയുടമയുടെ പേര് | രസീത്ബുക്ക് നമ്പർ | രസീത് നം. | പോസ്റ്റ് ചെയ്ത തീയതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | പോസ്റ്റ് ചെയ്ത തുക(രൂപ) |
|---|---|---|---|---|---|---|---|
| 1 | ശ്രീ.ജോർജ്ജ് | 24022 | 32 | 11/2/2021 | 7 | 121 | 314/- |
| 2 | ശ്രീ.ശിവരാമൻ | 24022 | 32 | 11/2/2021 | 7 | 126 | 314/- |

രസീത് ബുക്ക് പ്രകാരം മേൽ പറഞ്ഞ ക്രമനമ്പർ ഒന്നിൽ പറയുന്ന കെട്ടിട നമ്പർ 121 ന്റെ വസ്തുനികുതിയായ 314/-രൂപയാണ് യഥാർത്ഥത്തിൽ പിരിച്ചിരിക്കുന്നത്. എന്നാൽ ഇതേ രസീത് നം. പ്രകാരം കെട്ടിട നം. 126 ന്റെ നികുതി പിരിവും പോസ്റ്റ് ചെയ്തിട്ടുണ്ട്. ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ -1) സെക്രട്ടറി നൽകിയ മറുപടിയിൽ തെറ്റായി പോസ്റ്റ് ചെയ്ത രസീത് പോസ്റ്റിംഗ് ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. രസീത് ക്യാൻസൽ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മേൽ പറഞ്ഞ രീതിയിലുള്ള പോസ്റ്റിംഗ് ഒഴിവാക്കുന്നതിനുള്ള കർശന നടപടികൾ പഞ്ചായത്തിലെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ

ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

1-12 വിതരണരേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. 18450/-രൂപ നിരാകരിക്കുന്നു.

(എ) പ്രോജക്ട് - 5/21
കറവ പശുവിനു കാലി തീറ്റ (എസ്.സി. വനിത)
അടങ്കൽ - 2,40,000/-രൂപ - വികസന ഫണ്ട്
2,60,000/-രൂപ - ഗുണ. വിഹിതം ഒടുക്ക്
ആകെ - 5,00,000/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

എസ്.സി വിഭാഗത്തിൽപ്പെട്ട 20 ഗുണഭോക്താക്കൾക്ക് സാമ്പത്തിക വർഷത്തിൽ 25,000/-രൂപയുടെ കാലിത്തീറ്റ വീതം നൽകാനായിരുന്നു പദ്ധതി. ഒരു ഗുണഭോക്താവിനു നൽകുന്ന പരമാവധി സബ്സീഡി 12,000/-രൂപയിൽ നിജപ്പെടുത്തിയിരുന്നു. സ.ഉ.(കൈ.)നം. 22/2018/ത.സ്വ.ഭ.വ. തീയതി 14/02/2018 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6(15) പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കേണ്ട ടി പ്രോജക്ട് സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴിയാണ് നടപ്പിലാക്കിയത്. കാലിത്തീറ്റ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ ഇറക്കി വിതരണം ചെയ്യുകയായിരുന്നു. ആയതിനാൽ പാലളക്കുന്ന കർഷകർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമായത് എന്നു ഉറപ്പാക്കാൻ സാധിച്ചില്ല. കാലിതീറ്റയുടെ വിലയായി 2,72,070/- രൂപ കേരളാ ഫീഡ്സിനു നൽകിയിട്ടുണ്ട്.
ബിൽനം. 8/ 9.11.20 - 34800/-രൂ
ബിൽനം. 26/29.3.20 - 54000/-രൂ
ഗുണഭോക്തൃ വിഹിതം
ചെക്ക് നം. JH No. 1092730/ 11.11.20 - 35670/- രൂ
ചെക്ക് നം. JMNo.2337698/06.03.21 - 73800/-രൂ
ചെക്ക്നം. JM No.2337688/01.02.21 - 73800/-രൂ
ആകെ – 272070/-രൂ

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്തൃ വിഹിതം ചെലവ് 164820/- രൂപയാകുന്നു. എന്നാൽ വിവിധ ചെക്കുകൾ പ്രാകാരം 183270/- രൂപ ഗുണഭോക്തൃ വിഹിതമായി നൽകി കാണുന്നു. അധികമായി നൽകിയ 18450/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് - വിതരണ രേഖകൾ, കൈപ്പറ്റ് രസീതുകൾ എന്നിവ ഓഡിറ്റിനു ഹാജരാക്കിയില്ല. ആയതിനാൽ ആകെ ചെലവു തുകയായ 272070/-രൂപയിൽ 253620/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനും വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/25.01.22 ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും വരും വർഷത്തിൽ ക്ഷീര സംഘങ്ങൾ വഴിയാണ് നടപ്പിലാക്കുന്നതെന്നും, രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

(ബി) സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി നിർവഹണം.

പ്രോജക്ട് നം. – 4/21
കറവ പശുക്കൾക്ക് കാലിത്തീറ്റ
വികസന ഫണ്ട് - 18,00,000/-രൂ
ഗുണഭോക്തൃ വിഹിതം ഒടുക്ക് - 27,00,000/-രൂ
ആകെ – 45,00,000/-രൂ

ഒരു ഗുണഭോക്താവിനു വർഷത്തിൽ 22,500/- രൂപയുടെ കാലിത്തീറ്റ വീതം 200 പേർക്ക് നൽകാനായിരുന്നു പദ്ധതി. ഒരു ഗുണഭോക്താവിന് 9,000/- രൂപ വികസനഫണ്ടും 13,500/-രൂപ

ഗുണഭോക്തൃ വിഹിതവുമായിരുന്നു വകയിരുത്തൽ. ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ സർവീസ് കോഓപ്പറേറ്റിവ് സൊസൈറ്റികളിൽ കാലിത്തീറ്റ ഇറക്കി വിതരണം ചെയ്യുകയായിരുന്നു. കറവ പശുക്കൾക്ക് കാലിത്തീറ്റ എന്ന പദ്ധതി ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പാക്കണമെന്ന് ജി.ഒ(എം.എസ്)22/2018 ത.സ്വ.ഭ.വ തീ. 14/2/2018 ഖണ്ഡിക 6(2)15 പ്രകാരം നിർദേശിക്കുന്നു. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതു വഴി ക്ഷീര കർഷകരുടെ കറവയുള്ള പശുക്കൾക്കാണ് കാലിത്തീറ്റ നൽകിയതെന്നു ബോധ്യപ്പെടുത്തുന്ന യാതൊരു രേഖകളും ഹാജരാക്കിയില്ല. കാലിത്തീറ്റയുടെ വിലയായി 32,02,000/-രൂപ കേരളാ ഫീഡ്സിനു നൽകിയിട്ടുണ്ട്.

കേരളാ ഫീഡ്സിനു നൽകിയ തുകകളുടെ വിവരം

ബിൽ നം.7/20-21 തീ.18.9.20 – 4,00,000/-രൂ

ബിൽ നം.24/20-21 തീ.31.3.21 - 4,00,000/-രൂ
ബിൽ നം.30/20-21 തീ.31.3.21 – 4,00,000/-രൂ

ചെക്ക്.നം.J.M 2337689/01-02-21- 5,72,000/-രൂ

ചെക്ക്.നം.J.M 2337690/01-02-21- 5,72,000/-രൂ
ചെക്ക്.നം.J.M 2337691/01.02.21- 2,86,000/-രൂ

ചെക്ക്.നം.J.H 1092729/11-11-20 – 5,72,000/-രൂ

ആകെ - 32,02,000/-രൂ
കാലി തീറ്റ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായും, വിതരണരേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാലും 32,02,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2ന്, നിലവിൽ ക്ഷീരസംഘങ്ങൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നതെന്നും, കമ്മിറ്റി തീരുമാനപ്രകാരമാണ് സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി നടപ്പിലാക്കിയതെന്നും അറിയിക്കുന്നു.

1-13 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - തടസ്സം - 10,00,000/-രൂപ

പദ്ധതി – എസ്.എസ്.എ വിഹിതം ഒടുക്കൽ (8/2020-2021)

നിർവ്വഹണം - ഹെഡ് മാസ്റ്റർ

അടങ്കൽ - 10,00,000/-രൂ (വികസന ഫണ്ട് ജനറൽ)

ചെലവ് - 10,00,000/-രൂ

ബിൽ നമ്പർ - 1/2020-2021 തീയതി. 01.01.2022

ജില്ലാ പ്രോജക്ട് ഓഫീസർ (എസ്.എസ്.എ) യുടെ അക്കൗണ്ടിലേയ്ക്ക് എസ്.എസ്.എ വിഹിതമിനത്തിൽ നൽകിയ 10,00,000/-രൂപ വിനിയോഗവിവരം ഹാജരാക്കാത്തതിനാൽ തുകയുടെ ചെലവ് തടസ്സം ചെയ്യുന്നു. വിനിയോഗവിവരം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 സി.പി.ആർ.സി.എസ് നിന്നും കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ വാങ്ങി - 4263/-രൂപ തിരികെ ഈടാക്കിയിട്ടില്ല.

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ (എസ്.ഒ. 220/2020-21)

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 2,50,000/-രൂ (ധനകാര്യകമ്മിഷൻ ഗ്രാന്റ്)

ചെലവ് - 1,30,962/-രൂ (ബിൽ നമ്പർ 3/20-21 തീയതി. 14.05.2020

മേൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 2 കമ്പ്യൂട്ടറുകൾ, 2 പ്രിന്റർ, 1 സ്കാനർ എന്നിവ 1,30,962/-രൂപയ്ക്ക് സപ്ലൈ ചെയ്യുന്നതിന് കെൽട്രോണിന്റെ 11071/11.11.2019 പ്രൊഫോർമ

ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 1,30,962/- രൂപ മാറി 22.05.2020 ൽ കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയിസിന്റെ കാലാവധി 31.12.2019 വരെ ആയിരുന്നതിനാൽ അതിനു മുൻപ് ഫണ്ട് കെൽട്രോണിന് കൈമാറാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ടി തുകയിൽ ലിമിറ്റ് ചെയ്ത് പുതിയ ആവശ്യകത പത്രിക നല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 1 സ്കാനർ 7.9.2021 ലും 2 പ്രിന്റർ 27.10 .2021ലും 2 സിസ്റ്റം 22.12.2021 ലും ലഭ്യമാക്കി വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ട്. സ്കാനർ (1)ന് 7,069/- പ്രിന്റർ (2) ന് 40,036/-സിസ്റ്റം (2) ന് 79,594/-രൂപയും ചേർത്ത് 1,26,699/- രൂപ പുതിയ ആവശ്യകത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ ആവശ്യകത റിപ്പോർട്ടിൽ ഉണ്ടായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ 4,263/- രൂപ കെൽട്രോണിൽ നിന്നും തിരികെ ഈടാക്കാനുണ്ട്. അതിനാൽ അധികം നൽകിയ 4,263/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമാക്കിയ രേഖകൾ ഹാജരാക്കി 4,263/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 9 /20-21, 29.01.2022

**1-15 നിക്ഷേപപ്രവൃത്തിക്കായി തുക വിനിയോഗിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. 799000/-രൂപ തടസ്സം.**

2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന നിക്ഷേപ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക വകയിരുത്തി നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം./തീയതി | സ്ഥാപനം/കുറിപ്പുകൾ |
|---|---|---|---|---|
| 1 | ചിറ്റാംലംകോട് കുടിവെള്ള പദ്ധതി (എസ്.ഒ. 108/2020-21 | 7,99,000/-(വികസന ഫണ്ട്.എസ്.സി.പി) | 12/2020-21 തീയതി. 27.03.2021 | ജില്ലാ ഓഫീസർ (ഭൂജലവകുപ്പ്) |
| | ആകെ | 7,99,000/- | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5 തീയതി. 28.01.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ കൃത്യമായ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 7,99,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ ലഭ്യമാക്കി 7,99,000/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-16 നിക്ഷേപ പ്രവൃത്തികൾക്കായി തുക വിനിയോഗിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. 48,90,019/-രൂപ തടസ്സം.**

2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക വകയിരുത്തി വിവിധ നിർവ്വഹണ ഏജൻസികൾക്കായി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം./തീയതി | സ്ഥാപനം/ കുറിപ്പുകൾ |
|---|---|---|---|---|
| 1 | ഐ.കെ.എം.വിഹിതം (പ്രോജക്ട് നമ്പർ | 1,40,530/- (വികസന ഫണ്ട്.) | 22/2020-21 തീയതി. | പ്രോജക്ട് ഓഫീസർ |

| | | | | |
|---|---|---|---|---|
| | എസ്.ഒ.49.2020-21) | | 25.09.2020 | (ഐ.കെ.എം.) |
| 2 | ഇടമൺ സബ്സ്റ്റേഷൻ കുടിവെള്ള പദ്ധതി. 105/202021 | 2,18,008/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 35/20-21തീയതി. 6.3.2021 | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് കൊല്ലം. |
| 3 | ആംബ്രോസ്മുക്ക് കുടിവെള്ള പദ്ധതി (106/20-21) | 1,30,284/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 36/20-21തീയതി. 6.3.2021 | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് കൊല്ലം |
| 4 | മൂലമൺ കുടിവെള്ള പദ്ധതി (122/20-21) | 2,36,432/-(ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 37/20-21 തീയതി 6.3.2021 | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് കൊല്ലം |
| 5 | ചെല്ലാംകോട് കുടിവെള്ള പദ്ധതി (124/20-21) | 1,84,520/- 102172+82348 (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 25/20-21 തീയതി. 19.10.2020+41/20-21 തീയതി. 6.3.2021 | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് കൊല്ലം |
| 6 | കൊപ്പാറ കുടിവെള്ള പദ്ധതി (138/20-21) | 1,01,735/-(ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 38/20-21 തീയതി. 16.03.2021 | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് കൊല്ലം |
| 7 | ക്ഷേത്രഗിരി കുടിവെള്ള പദ്ധതി (139/20-21) | 1,94,852/-(ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 39/20-21 തീയതി. 16.03.2021 | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് കൊല്ലം |
| 8 | തേവർകുന്ന് കുടിവെള്ള പദ്ധതി (രണ്ടാം ഘട്ടം) എസ്.ഒ.ഒ205/2021) | 8,00,000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 2/20-21 തീയതി. 21.04.2021 | കേരള വാട്ടർ അതോറിറ്റി പിഎച്ച്.ഡിവിഷൻ കൊട്ടാരക്കര |
| 9 | മുരുകൻ കോവിൽ 20 ഏക്കർ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (എസ്.ഒ.ഒ.233/21) | 2,00,000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 7/20-21 തീയതി. 14.05.2020 | കേരള വാട്ടർ അതോറിറ്റി പിഎച്ച്.ഡിവിഷൻ കൊട്ടാരക്കര |
| 10 | സൗരോർജ പാനൽ സ്ഥാപിക്കൽ (എസ്.ഒ.212/20-21) | 6,60,000/-(ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 6/20-21 തീയതി. 14.05.2021 | പ്രോഗ്രാം ഓഫീസർ ,അനർട്ട് കൊല്ലം. |
| 11 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (എസ്.ഒ.234/2020-21) | 14,90, 282/-(ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 290282/-(ബിൽ നമ്പർ 5/20-21തീയതി. 14.05.2020) 435615/-(ബിൽ നമ്പർ 9/20-21 തീയതി. 14.05.2020) 764385/-(ബിൽ നമ്പർ 8/20-21 | കെ.എസ്.ഇ.ബി. തെൻമല ഡിവിഷൻ |

| | | | | |
|---|---|---|---|---|
| | | | തീയതി. 14.05.2020) | |
| 12 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (271/2021) | 10831/-(വികസന ഫണ്ട്.) | (ബിൽ നമ്പർ 48/20-21 തീയതി. 27.03.2021 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തെൻമല |
| 13 | 40 മൈലിൽ അംഗനവാടി കെട്ടിടം 242/2020-21) | 5,22,545/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | (ബിൽ നമ്പർ 20/20-21 തീയതി. 11.04.2020 | സംസ്ഥാനമിഷൻ ദേശീയ തൊഴിലുറപ്പ് പദ്ധതി. |
| | ആകെ | 48,90,019/- | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6 തീയതി. 28.01 .2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ പൂർത്തീകരണസാക്ഷ്യപത്രവും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ലാത്തതിനാൽ 48,90,019/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി 48,90,019/-രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - ഫൈനൽ ബിൽ, വിതരണ രേഖകൾ ഹാജരാക്കിയില്ല.

പദ്ധതി - വൃദ്ധജനങ്ങൾക്ക് കട്ടിൽ (223/2019-20)
അടങ്കൽ - വികസനഫണ്ട് (ജനറൽ) 1,50,000/-രൂ
തനത്ഫണ്ട് - 2250/-രൂ
നിർവ്വഹണം - അസി.സെക്രട്ടറി
ബിൽ നമ്പർ 1/20-21 തീയതി. 22.04.2020
തുക - 1,50,000/-രൂ

60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ സർക്കാർ അംഗീകൃത സ്ഥാപനമായ ആർട്ടിസാൻസ് വികസന കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും നേരിട്ട് കട്ടിൽ വാങ്ങി നല്കുന്നതിനാണ് പദ്ധതി തുക വകയിരുത്തിയത്. 30.10.2019 ലെ 3/2 നമ്പർ തീരുമാന പ്രകാരം 4350/- നിരക്കിൽ ആർട്ട്കോയിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്യാൻ പഞ്ചായത്ത് കമ്മിറ്റി നിർവ്വഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. 2019-20 ലെ സ്പിൽ ഓവർ പദ്ധതിയ്ക്ക് ഗ്രാമസഭ 2019-20 ൽ കൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ 24.03.2020 ലെ 1/2 തീരുമാനപ്രകാരം 37 ഗുണഭോക്താക്കളെ ആനുകൂല്യത്തിനായി പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശിച്ചു. സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ. തീയതി. 29.01.2018 11.3(9) പ്രകാരം ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ മുൻഗണനാക്രമം മാറ്റാതെ അംഗീകാരം നല്കുകയെന്നതാണ് ഭരണസമിതിയുടെ കർത്തവ്യം. ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളിലെ ഗുണഭോക്താക്കൾ ഗ്രാമസഭ നിശ്ചയിക്കുന്ന മുൻഗണനകൾ അനുസരിച്ചുള്ളവയായിരിക്കണം (3.2.3(4)) എന്നാൽ ടി പദ്ധതിയിൽ ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ പഞ്ചായത്ത് കമ്മിറ്റി ഗുണഭോക്താക്കളെ നിർദ്ദേശിച്ച് അംഗീകരിച്ച് തുക ചെലവ് ചെയ്തു. ഗുണഭോക്താക്കളുടെ യോഗ്യത തെളിയിക്കുന്നതിനുള്ള അപേക്ഷ, അനുബന്ധ രേഖകൾ, കട്ടിൽ വിതരണം ചെയ്ത രേഖകൾ, ആർട്ട്കോയുടെ ഫൈനൽ ബിൽ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാലും ചെലവ് തുകയായ 1,50,000/- രൂപയുടെ ആധികാരികത പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാലും ചെലവ് രേഖകൾ ഹാജരാക്കാത്തതിനാലും ആർട്ട്കോ ബ്രാഞ്ച് മാനേജർ പേരിൽ ചെലവഴിച്ച 1,50,000/- രൂപ നിരാകരിയ്ക്കുന്നു.

മേൽ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 5/2020-21 തീയതി.28.01.2022

1-18 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടും ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം.29/2020-21 ഫണ്ടിനം. | ഹോംകോ | ആകെ ലഭിച്ച മരുന്നുകൾ (രൂപ) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (രൂപ) |
|---|---|---|---|
| ആകെ അടങ്കൽ 225000/-മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 225000/- ബിൽ.നം- 2004045200980067146, 31.10.2020 | 22945/- | 202055/- |

ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഹോംകോയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മറുപടി നൽകി. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-19 വീട് പുനരുദ്ധാരണം - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.

വീട് പുനരുദ്ധാരണം (ജനറൽ) (പ്രോജക്റ്റ് നം.83), വീട് പുനരുദ്ധാരണം (എസ്.സി.പി ) (പ്രോജക്റ്റ് നം.85 ), വീട് പുനരുദ്ധാരണം (റ്റി.എസ്.പി.) (പ്രോജക്റ്റ് നം. 86) എന്നിവ പ്രകാരം ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഭവനപുനരുദ്ധാരണം (ജനറൽ)

| ക്രമ നം. | പേര്, വിലാസം ശ്രീ/ശ്രീമതി | വാർഡ് നം. | അർഹമായ സബ്സിഡി തുക ₹ | അനുവദിച്ച തുക₹ |
|---|---|---|---|---|
| 1 | റിജോ, ജിത്തുഭവൻ | VIII | 50,000/- | 25,000/- |
| 2 | മറിയാമ്മ, പൂവത്തർവീട് | XVI | 50,000/- | 25,000/- |
| 3 | ചന്ദ്രലേഖ, വിനോദ് ഭവൻ | VII | 50,000/- | 25,000/- |
| 4 | തങ്കമ്മ, തെക്കേതിൽ പുത്തൻ വീട് | VI | 50,000/- | 25,000/- |
| 5 | സ്മിത, മോഹനവിലാസം | IX | 50,000/- | 25,000/- |
| 6 | കുശലകുമാരി, നിതവിലാസം | XV | 50,000/- | 25,000/- |

ഭവന പുനരുദ്ധാരണം (എസ്.സി.പി)

| ക്രമ നം. | പേര്, വിലാസം ശ്രീ ശ്രീമതി | വാർഡ് നം. | അർഹമായ സബ്സിഡി തുക ₹ | അനുവദിച്ച തുക ₹ |
|---|---|---|---|---|
| 1 | പ്രകാശ്, വിജയവിലാസം | III | 75,000/- | 35,000/- |

| | | | | |
|---|---|---|---|---|
| 2 | ചന്ദ്ര, കെ.ഐ.പി.കോളനി | IV | 75,000/- | 35,000/- |

ഭവന പുനരുദ്ധാരണം (റ്റി എസ് പി)

| ക്രമ നം. | പേര്, വിലാസം ശ്രീമതി | വാർഡ് നം. | അർഹമായ സബ്സിഡി തുക₹ | അനുവദിച്ച തുക ₹ |
|---|---|---|---|---|
| 1 | ലത, മലവേടർ കോളനി | IX | 1,00,000/- | 50,000/- |

ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ബാക്കി തുക അനുവദിക്കേണ്ടതുമാണ്.

സമയബന്ധിതമായും കരാർ പ്രകാരവും പണികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-20 ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ അഞ്ച് പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

2018-19 സാമ്പത്തിക വർഷം കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് ശ്രീ /ശ്രീമതി | അനുവദിച്ച തുക ₹ | കരാർ തീയതി | ആദ്യഗഡു അനുവദിച്ച തീയതി |
|---|---|---|---|---|
| 1 | ജലജ, 50 ഏക്കർ, മാമ്പഴത്തറ | 40,000/- | 13.09.18 | 08.10.18 |
| 2 | ഷൈനി, ബേബി ഭവൻ, ഇന്ദിര നഗർ | 40,000/- | 24.09.18 | 08.10.18 |
| 3 | സ്മിത, ലക്ഷ്മി ഭവൻ, ഇന്ദിര നഗർ | 40,000/- | 15.09.18 | 08.10.18 |
| 4 | ബിന്ദു, യദുകൃഷ്ണവിലാസം, ഇന്ദിര നഗർ | 2,00,000/- | 30.09.18 | 22.11.18 |
| 5 | ബിജു, വേങ്ങ വിള വീട്, ഓലപ്പാറ | 3,00,000/- | 25.01.19 | 13.03.19 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത കേസുകളിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിതരണരേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. 18450/-രൂപ നിരാകരിക്കുന്നു.

(എ) പ്രോജക്ട് - 5/21

കറവ പശുവിനു കാലി തീറ്റ (എസ്.സി. വനിത)

അടങ്കൽ - 2,40,000/-രൂ - വികസന ഫണ്ട്

2,60,000/- ഗുണ. വിഹിതം ഒടുക്ക്

ആകെ - 5,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

എസ്.സി വിഭാഗത്തിൽപ്പെട്ട 20 ഗുണഭോക്താക്കൾക്ക് സാമ്പത്തിക വർഷത്തിൽ 25,000 രൂപയുടെ കാലിത്തീറ്റ വീതം നൽകാനായിരുന്നു പദ്ധതി. ഒരു ഗുണഭോക്താവിനു നൽകുന്ന പരമാവധി സബ്സീഡി 12,000രൂപയിൽ നിജപെടുത്തിയിരുന്നു. സ.ഉ.(കൈ.)നം. 22/2018/ത.സ്വ.ഭ.വ. തീയതി 14/02/2018 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6(15) പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കേണ്ട ടി പ്രോജക്ട് സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴിയാണ് നടപ്പിലാക്കിയത്. കാലിത്തീറ്റ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ ഇറക്കി വിതരണം ചെയ്യുകയായിരുന്നു. ആയതിനാൽ പാലളക്കുന്ന കർഷകർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമായത് എന്നു ഉറപ്പാക്കാൻ സാധിച്ചില്ല. കാലിതീറ്റയുടെ വിലയായി 2,72,070 രൂപ കേരളാ ഫീഡ്സിനു നൽകിയിട്ടുണ്ട്.

ബിൽനം. 8/ 9.11.20 - 34800/-രൂ

ബിൽനം. 26/29.3.20 - 54000/-രൂ

ഗുണഭോക്തൃ വിഹിതം

ചെക്ക് നം. JH No. 1092730/ 11.11.20 - 35670/-രൂ

ചെക്ക് നം. JMNo.2337698/06.03.21 - 73800/-രൂ

ചെക്ക്നം. JM No.2337688/01.02.21 - 73800/-രൂ

ആകെ – 272070/-രൂ

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്തൃ വിഹിതം ചെലവ് 164820/- രൂപയാകുന്നു. എന്നാൽ വിവിധ ചെക്കുകൾ പ്രാകാരം 183270/- രൂപ ഗുണഭോക്തൃ വിഹിതമായി നൽകി കാണുന്നു. അധികമായി നൽകിയ 18450/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് - വിതരണ രേഖകൾ, കൈപ്പറ്റ് രസീതുകൾ എന്നിവ ഓഡിറ്റിനു ഹാജരാക്കിയില്ല. ആയതിനാൽ ആകെ ചെലവു തുകയായ 272070 രൂപയിൽ 253620/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനും വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/25.01.22 ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും വരും വർഷത്തിൽ ക്ഷീര സംഘങ്ങൾ വഴിയാണ് നടപ്പിലാക്കുന്നതെന്നും, രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

### 3-2 വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - ഫൈനൽ ബിൽ, വിതരണ രേഖകൾ ഹാജരാക്കിയില്ല.

പദ്ധതി - വൃദ്ധജനങ്ങൾക്ക് കട്ടിൽ (223/2019-20)

അടങ്കൽ - വികസനഫണ്ട്. (ജനറൽ) 1,50,000/-രൂ

തനത്ഫണ്ട് - 2250/-രൂ

നിർവ്വഹണം - അസി.സെക്രട്ടറി

ബിൽ നമ്പർ - 1/20-21 തീയതി. 22.04.2020

തുക - 1,50,000/-രൂ

60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ സർക്കാർ അംഗീകൃത സ്ഥാപനമായ ആർട്ടിസാൻസ് വികസന കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും നേരിട്ട് കട്ടിൽ വാങ്ങി നല്കുന്നതിനാണ് പദ്ധതി തുക വകയിരുത്തിയത്. 30.10.2019 ലെ 3/2 നമ്പർ തീരുമാന പ്രകാരം 4350/- നിരക്കിൽ ആർട്ട്കോയിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്യാൻ പഞ്ചായത്ത് കമ്മിറ്റി നിർവ്വഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. 2019-20 ലെ സ്പിൽ ഓവർ പദ്ധതിയ്ക്ക് ഗ്രാമസഭ 2019-20 ൽ കൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ 24.03.2020 ലെ 1/2 തീരുമാനപ്രകാരം 37 ഗുണഭോക്താക്കളെ ആനുകൂല്യത്തിനായി പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശിച്ചു. സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ. തീയതി. 29.01.2018 11.3(9) പ്രകാരം ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ മുൻഗണനാക്രമം മാറ്റാതെ അംഗീകാരം നല്കുകയെന്നതാണ് ഭരണസമിതിയുടെ കർത്തവ്യം. ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളിലെ ഗുണഭോക്താക്കൾ ഗ്രാമസഭ നിശ്ചയിക്കുന്ന മുൻഗണനകൾ അനുസരിച്ചുള്ളവയായിരിക്കണം (3.2.3(4)) എന്നാൽ ടി പദ്ധതിയിൽ ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ പഞ്ചായത്ത് കമ്മിറ്റി ഗുണഭോക്താക്കളെ നിർദ്ദേശിച്ച് അംഗീകരിച്ച് തുക ചെലവ് ചെയ്തു. ഗുണഭോക്താക്കളുടെ യോഗ്യത തെളിയിക്കുന്നതിനുള്ള അപേക്ഷ, അനുബന്ധ രേഖകൾ, കട്ടിൽ വിതരണം ചെയ്ത രേഖകൾ, ആർട്ട്കോയുടെ ഫൈനൽ ബിൽ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാലും ചെലവ് തുകയായ 1,50,000/- രൂപയുടെ ആധികാരികത പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാലും ചെലവ് രേഖകൾ ഹാജരാക്കാത്തതിനാലും ആർട്ട്കോ ബ്രാഞ്ച് മാനേജർ പേരിൽ ചെലവഴിച്ച 1,50,000/- രൂപ നിരാകരിയ്ക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 5/2020-21 തീയതി.28.01.2022

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 27.01.22, 28.01.22 | കെ.എസ്.എസ്.കെ.എൽ.എം.പി.1/409/22, തീയതി. 14.07.22 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2020-21 | 9825000/- | 126/2021 ലൈഫ് (ജനറൽ) | 9825000/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 2280000/- | 127/2021 ലൈഫ്(എസ്.സി.പി) | 2280000/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 930000/- | 128/2021 ലൈഫ്(ടി.എസ്.പി) | 930000/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 150000/- | 30/2021 അംഗനവാടി ന്യൂട്രീഷൻ | 150000/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 100000/- | 31/21 അംഗപരിമിതർക്കുള്ള സ്കോളർഷിപ്പ് | 100000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2020-21 | 161571/- | 63/21 പാൽ സബ്സിഡി | 161571/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 23400/- | 259/21 പച്ചക്കറി വികസനം | 23400/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 4600000/- | 126/21 ലൈഫ്(ജനറൽ) | 4600000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 500000/- | 127/2021 ലൈഫ്(എസ്.സി.പി) | 500000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 3120000/- | 245/21 ഹൌസിംഗ് | 3120000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 121888/- | 30/2021 അംഗനവാടി ന്യൂട്രീഷൻ | 121888/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 100000/- | 31/21 അംഗപരിമിതർക്കുള്ള സ്കോളർഷിപ്പ് | 100000/- | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (271/21) | 125000/- | 10831/- | 114169/- |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1490282/- | 1490282/- | |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (233/21) | 200000/- | 200000/- | |
| അനർട്ട് | സോളർ പാനൽ സ്ഥാപിക്കൽ(212/21) | 660000/- | 660000/- | |
| വാട്ടർ അതോറിറ്റി | തേവർകുന്ന് കുടിവെള്ള പദ്ധതി(205/21) | 812000/- | 812000/- | |
| ഭൂജല വകുപ്പ് | ഇടമൺ സബ് സ്റ്റേഷൻ കുടിവെള്ള പദ്ധതി(105/21) | 800000/- | 218008/- | 581992/- |
| ഭൂജല വകുപ്പ് | ആബോസ് മുക്ക് കുടിവെള്ള പദ്ധതി(106/21) | 800000/- | 130284/- | 669716/- |
| ഭൂജല വകുപ്പ് | ചിറ്റാലംകോട് കുടിവെള്ള പദ്ധതി (108/21) | 800000/- | 799000/- | 1000/- |
| ഭൂജല വകുപ്പ് | മൂലമൺ കുടിവെള്ള പദ്ധതി(122/21) | 800000/- | 236432/- | 563568/- |
| ഭൂജല വകുപ്പ് | ചെല്ലംകോട് കുടിവെള്ള പദ്ധതി(124/21) | 800000/- | 184520/- | 65480/- |
| ഭൂജല വകുപ്പ് | കോപ്പാറ കുടിവെള്ള പദ്ധതി(138/21) | 800000/- | 101735/- | 698265/- |
| ഭൂജല വകുപ്പ് | ക്ഷേത്രഗിരി കുടിവെള്ള | 800000/- | 194852/- | 605148/- |

| | | | | |
|---|---|---|---|---|
| | പദ്ധതി (139/21) | | | |
| തൊഴിലുറപ്പ് മിഷൻ | 40-ാം മൈൽ അംഗൻവാടി നിർമ്മാണം 1242/20-21 | 522545/- | 0 | 522545/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻവർഷ വായ്പ ഇനത്തിലെ തുകയിൽ 18,20,000/- രൂപ തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | എം.എസ്.111/18, 13.08.2018 | 0 | 3,93,19,412/- | 30,87,412/- | 0 | 3,62,32,000/- |

ഖണ്ഡിക 1-2-1 ലെ ക്രമ നം. 8 കൂടി കാണുക.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4000/- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 1-27(2) | 2998/- | അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 120030101193/ 30-10-2020 |
| 2018-19 | 1-27(3) | 4000/- | അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 120030101194/ 30-10-2020 |
| 2018-19 | 3-1(2) | 7587/- | അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 120030101722/ 07-01-2021 |
| 2018-19 | 3-1(3) | 7587/- | അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 120030101722/ 07-01-2021 |

| | | | | |
|---|---|---|---|---|
| 2018-19 | 3-1(4) | 5091/- | അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 120030101722/ 07-01-2021 |
| 2018-19 | 3-1(5 | 3934/- | അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 120030101722/ 07-01-2021 |
| 2018-19 | 1-26(2) | 2585/- | അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 120030101751/ 15-01-2021 |
| 2018-19 | 1-27(1) | 1497/- | അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | 120030101752/ 15-01-2021 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 35 | 2002-03 | VII-2-(5) | തെൻമല മാർക്കറ്റ് റോഡ് ഉദ്ധാരണം | ലഭ്യമല്ല. |
| 2004-05 | 3-4 | 2010-11 | 5-2.6(1) | SGRY ഗാന്ധി ജം.-ഏലാ റോഡ് പണി പൂർത്തീ കരിച്ചില്ല. | ലഭ്യമല്ല |
| 2005-06 | 3-13 | 2010-11 | 5-2.6(1) | മുൻകൂർ നൽകിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല. | ലഭ്യമല്ല. |
| 2008-09 | 3-13 | 2010-11 | 5-2.6 (2) | ഹരിയാലി പദ്ധതിയിൽ ക്രമക്കേട്- ബാങ്ക് പലിശ കൃഷി ഓഫീസർ പിൻവലിച്ചു | പിൻവലിച്ചിട്ടുള്ള തുക കൃഷി ഓഫീസർ 10-05-12 ൽ 36104/83 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. |
| 2008-09 | 3-5 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. | ലഭ്യമല്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18,450/- | ഡോ. മണിമോഹൻ, വെറ്റിനറി സർജൻ |
| 3-2 | | 1,50,000/- | ശ്രീ. കെ.ശശികുമാർ, അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12(എ) | 253620 | ഡോ.മണിമോഹൻ, വെറ്റിനറി സർജൻ |

| | | |
|---|---|---|
| 1-12(ബി) | 3202000 | ഡോ.മണിമോഹൻ, വെറ്റിനറി സർജൻ |
| 1-13 | 1000000 | ശ്രീമതി ശ്രീലത, ഹെഡ്മിസ്ട്രസ് |
| 1-14 | 4263 | ശ്രീ. ഈശ്വര ദാസ് ഇ, സെക്രട്ടറി |
| 1-15 | 799000 | ശ്രീമതി എസ്.കല, അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 4890019 | ശ്രീ. ഈശ്വര ദാസ് ഇ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മണിമോഹൻ.വി.എസ് വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | കൊച്ചുമുറിയിൽ, ഇടമൺ 34, കൊല്ലം |
| ശ്രീ.ഈശ്വരദാസ് ഇ (സെക്രട്ടറി) | സെക്രട്ടറി പിറവന്തൂർ ഗ്രാമപഞ്ചായത്ത് | പല്ലവി, നീലേശ്വരം പി.ഒ, കൊട്ടാരക്കര. |
| ശ്രീമതി.ശ്രീലത.എസ് (ഹെഡ്മിസ്ട്രസ്സ്) | ന്യൂ എൽ.പി.എസ് ഇടമൺ | വിഷ്ണുഭവൻ, ഐക്കരക്കോണം.പി.ഒ, പുനലൂർ. |
| ശ്രീ.കെ.ശശികുമാർ (അസി.സെക്രട്ടറി) | വിളക്കുടി ഗ്രാമപഞ്ചായത്ത് | യദുകുലം, നിരാവിൽ, പെരിനാട്, കൊല്ലം |
| ശ്രീമതി. എസ്.കല, അസിസ്റ്റന്റ് സെക്രട്ടറി | കരവാളൂർ ഗ്രാമപഞ്ചായത്ത് | ശിവശക്തി വില്ല, പ്ലാച്ചേരി പി.ഒ, പുനലൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(4)/18 തീയതി-02/03/18 | 4 |
| 1998-1999 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(5)/18 തീയതി-02/03/18 | 1 |
| 1999-2000 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(6)/18 തീയതി-02/03/18 | 3 |
| 2000 -01 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(7)/18 തീയതി-02/03/18 | 11 |
| 2001 -02 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(8)/18 തീയതി-02/03/18 | 12 |
| 2002 -03 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(9)/18 തീയതി-02/03/18 | 10 |

| | | |
|---|---|---|
| 2003 -04 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(10)/18 തീയതി-02/03/18 | 4 |
| 2004 -05 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(11)/18 തീയതി-02/03/18 | 4 |
| 2005 -06 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(12)/18 തീയതി-02/03/18 | 5 |
| 2006-07 | എൽ.എഫ്.ക്യൂ.പി.7-1324(15)/14, തീയതി 19.06.14 | 7 |
| 2007-08 | എൽ.എഫ്.ക്യൂ.പി.7-1324(16)/14, തീയതി 19.06.14 | 15 |
| 2008-09 | എൽ.എഫ്.ക്യൂ.പി.7-1324(17)/14, തീയതി 19.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി.7-1324(18)/14, തീയതി 19.06.14 | 7 |
| 2010-11 | എൽ.എഫ്.ക്യൂ.പി.7-1324(19)/14, തീയതി 19.06.14 | 11 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ.പി.7-1912/13, തീയതി 31.03.14 | 20 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി7.704/2016 തീയതി 17.05.2016. | 14 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം.പി1/470/18/ 16.03.18 | 9 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം.പി /1 /1778/2017/ 30.10.17 | 11 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം.പി /1 /328/2019/ 14.01.2020 | 11 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം.പി /1 /14.01.2020 | 30 |
| 2019-20 | കെ.എസ്.എ.-കെ.എൽ.എം.പി 1 /408/2022/22.06.22 | 38 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം , കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്